ഹയർ സെക്കന്ററി
വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ
തിരുവനന്തപുരം – 1

**No.Ex.II/2/21831/HSE/ 2015** **തീയതി : 07/04/2015**

# സർക്കുലർ

വിഷയം :– ഹയർ സെക്കന്ററി വിദ്യാഭ്യാസം – ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2015 – മൂല്യനിർണ്ണയം – അദ്ധ്യാപകർ ക്യാമ്പുകളിൽ പങ്കെടുക്കേണ്ടത് – സംബന്ധിച്ച്.

സൂചന :– സർക്കുലർ നമ്പർ Ex.II/2/21831/HSE/ 2015 തീയതി 27.03.2015.

ഏപ്രിൽ 6–ാം തീയതി ആരംഭിച്ച 2015 മാർച്ച് ഹയർ സെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന സർക്കുലറിൽ നൽകിയിട്ടുള്ളതാണ്. എന്നാൽ ചില അദ്ധ്യാപകർ ക്യാമ്പുകളിൽ ഹാജരായിട്ടില്ലെന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതിനാൽ, ഹാജരായിട്ടില്ലാത്ത അദ്ധ്യാപകർ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകേണ്ടതാണ്. ഏതെങ്കിലും അദ്ധ്യാപകരെ മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് വിടുതൽ നൽകിയിട്ടില്ലായെങ്കിൽ അത്തരം അദ്ധ്യാപകരുടെ വിശദാംശങ്ങൾ പ്രിൻസിപ്പൽമാർ jdexamdhse@gmail.com –ലേയ്ക്ക് ഉടനടി അയച്ചുതരേണ്ടതാണ്. മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന അദ്ധ്യാപകർക്കെതിരെയും വിടുതൽ നൽകാത്ത പ്രിൻസിപ്പൽമാർക്കെതിരെയും കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ
എക്സാം